

# മുഖം

**V.H.S.S.FOR GIRLS, THIRUVALLAM**

# എഡിറ്റോറിയൽ



സഹൃദയരേ,

തിരുവല്ലം വി.എച്ച്.എസ്.എസ്. ഫോർ ഗേൾസിലെ വിദ്യാർത്ഥിനികളുടെ സ്വപ്നങ്ങൾ പൂവണിഞ്ഞതിന്റെ സഫലതയോടെ,നിർവൃതിയോടെ ഈ "**മുഖം**" സഹൃദയർക്കായ് സ്നേഹപൂർവ്വം സമർപ്പിക്കട്ടെ. ഈ സരസ്വതീ ക്ഷേത്രത്തിലെ മികവുകളെ മുത്താക്കി ഒരു നൂലിൽ കോർത്തിട്ടിരിക്കുന്നു.നിരന്തരപരിശ്രമവും, കൂട്ടായ്മയും, പ്രചോദനവും, പ്രേരണയും കൊണ്ട് സുന്ദരമാക്കിയ ഒരു ഡിജിറ്റൽ സ്മരണിക. ഭാവനയുടെ ചിറകുകളിൽ വിടർന്ന ഈ മധുരമുള്ള വിഭവം ആവോളം നുകർന്നാലും........

ഞങ്ങളുടെ ഈ മുഖത്തുനിന്നും അടർന്നുവീണ പിഴവുകൾ സദയം ക്ഷമിക്കുക.

നിറഞ്ഞ മനസ്സോടെ ഈ സ്വപ്നസാഫല്യം

സ്വീകരിച്ചാലും.



ഗീത.റ്റി.എസ്.,

ചീഫ് എഡിറ്റർ

| ക്രമ.നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ലിറ്റിൽ കൈറ്റിസിന്റെ ഉദ്ഘാടനവും പ്രവർത്തനങ്ങളും | 1 |
| 2 | ക്വിസ് മത്സര വിജയികൾ | 2 |
| 3 | ശാസ്ത്രമേളയും ഭക്ഷ്യമേളയും | 3 |
| 4 | വിനോദയാത്ര | 4 |
| 5 | പ്രളയ ബാധിതർക്ക് ഒരു കൈത്താങ്ങ് | 5 |
| 6 | അദ്ധ്യാപക ദിനത്തിൽ ശ്രീമതി ശ്രീരഞ്ജിനി ടീച്ചറിനെ അനുമോദിക്കൽ | 6 |
| 7 | ഗണിതോത്സവം | 7 |
| 8 | മലയാളത്തിളക്കം | 8 |
| 9 | കലോത്സവം | 9 |
| 10 | കേരളപ്പിറവി | 10 |
| 11 | ഗൈഡ്സ് ക്ലാസും ക്യാമ്പും | 11 |
| 12 | പ്രകൃതി | 12 |
| 13 | എന്റെ അച്ഛൻ | 13 |
| 14 | നശിക്കുന്ന ഭൂമി | 14 |
| 15 | എൻ പ്രകൃതി | 15 |
| 16 | തത്തമ്മ | 16 |
| 17 | കാത്തിരിപ്പ് | 17 |
| 18 | അമ്മ | 18 |
| 19 | പ്രളയം | 19 |
| 20 | കുഞ്ഞുറുമ്പ് | 20 |
| 21 | പ്രപഞ്ചസത്യം | 21 |
| 22 | മഴ | 22 |
| 23 | പ്രകൃതി വർണന | 23 |
| 24 | യാത്രാവിവരണം | 24-28 |
| 25 | ഓർമ്മക്കുറിപ്പ് | 29 |
| 26 | പഴഞ്ചൊല്ലുകൾ | 30-32 |
| 27 | ക്വിസ് | 33-35 |
| 28 | My mother | 36 |
| 29 | First hero | 37 |
| 30 | The little children | 38 |
| 31 | Child labour | 39-40 |

| | | |
|---|---|---|
| 32 | Tongue twist | 41-42 |
| 33 | Books and author | 43 |
| 34 | Study tour | 44-45 |
| 35 | Quiz corner | 46 |
| 36 | Unknown knowledge in computer | 47 |
| 37 | सुरेली हिंदी | 48 |
| 38 | स्कूल की यादें | 49 |
| 39 | उड़ गया हाथी | 50 |

-1-

# ലിറ്റിൽ കൈറ്റിന്റെ ഉദ്ഘാടനവും പ്രവർത്തനങ്ങളും




ബി.എഡ്.കോളേജിൽ നടത്തിയ
ക്വിസ് മത്സരത്തിൽ വിജയികളായവർ

-3-

# ശാസ്ത്രമേളയും ഭക്ഷ്യമേളയും



-4-

# വിനോദയാത്ര



# പ്രളയ ബാധിധർക്ക് ഒരു കൈത്താങ്ങു



## അദ്ധ്യാപക ദിനത്തിൽ ശ്രീമതി ശ്രീരഞ്ജിനി ടീച്ചറിനെ അനുമോദിക്കൽ



# ഗണിതോത്സവം



-8-

# മലയാളത്തിളക്കം



# കലോത്സവം



-10-

# കേരളപ്പിറവി



-11-

# ഗൈഡ്സ് ക്ലാസും ക്യാമ്പും



-12-

# പ്രകൃതി



തരുണിസംഗമിത്ര.ബി .എൽ

9-എ





# എന്റെ അച്ഛൻ

മേഘ.സി

9.എ

അമ്മതൻ തങ്ക കുടത്തിൽ ജീവിക്കും

നാൾ തൻ കൊഞ്ചലാൽ സ്നേഹിച്ച

അച്ഛൻ എൻ കണ്ണുകളുടെ തിളക്കം

കൂട്ടും നാളുകളിൽ നിഴൽപോലെ

എൻ കൂടെ എൻ അച്ഛൻ

അമ്മതൻ കരങ്ങൾ തല്ലുവാൻ

ഉയർത്തുമ്പോൾ കണ്ണുകളിലെ മഴത്തുള്ളികൾ

അകറ്റാൻ തൻ വാക്കുകളുമായി

എത്തുമെൻ അച്ഛൻ

കണ്ണുകൾ മയങ്ങും നേരം

താരാട്ട്പാട്ടുമായി താലോലിക്കും എൻ അച്ഛൻ

ഹൃദയം കൊണ്ട് സ്നേഹിച്ച്

മനസ്സുകൊണ്ട് ലളിച്ച് എന്നെ

വളർത്തിയ



ലക്ഷ്മികൃഷ്ണ.ആർ.കെ

10-എ

# നശിക്കുന്ന ഭൂമി

ഗ്രാമവും നഗരവും കുന്നമെല്ലാം
മാലിന്യം കൊണ്ട് നിറഞ്ഞു കഴിഞ്ഞു.
വെള്ളത്തിലോ അതി മാരകരോഗം
പെരുകുന്ന കൊതുഅതിലുമധികം
രോഗംരോഗം വന്നു കഴിഞ്ഞു
ഭൂമി വേദന കൊണ്ട് പുളഞ്ഞു.
എന്തു ദുഷ്ടത കാട്ടുവാൻ പോലും
മടിയില്ലാത്തവരാണു മനുഷ്യർ
മരങ്ങളില്ല വേരില്ല ജീവന്റെ
ചെറുതുടിപ്പുകൾ മാത്രം
ഇങ്ങനെയായാൽ നമ്മുടെ ലോകം
ഭ്രാന്താലയമായി മാറുക ചെയ്യും



മണ്ണുംപുഴയും കുന്നമെല്ലാം
എന്നും ഇനിയൊരു സ്വപ്നം മാത്രം.
മരങ്ങളും പുഴകളും എല്ലാം പോയി
വികസനം വികസനം വന്നു തുടങ്ങി.(ഗ്രാമവും നഗരവും.....)

-15-



ആര്യ.എം.ആർ
6-എ

## എൻ പ്രകൃതി

ഇളം കാറ്റിൽ ആടുന്ന വയലോലകൾ
പച്ചപ്പ് ളുകി നിൽക്കും
നെൽപ്പാടങ്ങൾ
തുമ്പിയും തെറ്റിയും പുഞ്ചിരി
വിടർത്തുന്ന
സുന്ദര സൗരഭ്യമാണെൻ പ്രകൃതി.
കളകള ശബ്ദത്തിലൊഴുകുന്ന
നീർച്ചാലുകൾ



ആ കുളിരിൽ  അലിഞ്ഞീടുന്ന ചെറുമീനുകൾ
എങ്ങോ പോയ് മറഞ്ഞ
വസന്തത്തിൻ ഓർമ്മകൾ
പുതുനാമ്പിടും പുൽച്ചെടി പോലെൻ പ്രകൃതി.



സൂര്യകാന്തി.എസ്
6-എ

# തത്തമ്മ

തെങ്ങിൻ ചോട്ടിലിരുന്ന്,
തൂവലൊതുക്കും തത്തമ്മേ
ഈണത്തിലുള്ള കുഞ്ഞിപ്പാട്ടുകൾ,
പാടിത്തരാമോ തത്തമ്മേ
തീറ്റതേടിപ്പോഴും വാനിൽ ,
പച്ചക്കുഞ്ഞി തത്തമ്മേ
പാലും പഴവും തന്നീടാം,
കൂടെവരുമോ തത്തമ്മേ





# കാത്തിരിപ്പ്

സുജാത.എസ്
8-ബി

കുളിരുന്ന മഞ്ഞുപോൻ കൊഴിയുന്ന ഹൃദ-
യാനുരാഗത്തെ ഒരുമാത്ര ചൊല്ലുവാനായ്
നീവരും വഴിയിൽ ഞാൻ എത്രനാളായ് കരുതിയ
ലോലമാം സ്വപ്നത്തിനിതളിൽ ഒന്നും
പറയാൻ കഴിയാതെ ഉള്ളിലൊതുക്കിയ
വാക്കുകളെല്ലാം ഞാൻ കുറിച്ചു വച്ചു
രാവിന്റെ മറവിൽ ഞാൻ ഏകയായ്
നിന്നെയും ഓർത്തിരുന്നു
പുലരികളെന്നൊന്നെമാടി വിളിക്കുമ്പോൾ
നിന്നെകാണാൻ ഞാനും കൊതിച്ചിരുന്നു
പുസ്തകക്കെട്ടുമായ് എത്തുന്നൊരെന്നെയും
കാത്തു വഴിയരികിൽ നീ നിന്നിരുന്നു.
നീയന്നു നൽകിയ പൊൻ മോതിരത്തിന്നു-
പകരമായ് ഞാനെന്റെ പ്രണയം നൽകി.
അന്നതു കാണാതെകാലത്തിനൊപ്പം
നീയും നടന്നങ്ങു മാഞ്ഞു പോയി.
അന്നുതൊട്ടിന്നോളമെൻ മിഴിക്കോണിലെ
അനുരാഗം നീയും കാത്തിരിപ്പു.
എന്റെ ഹൃദയത്തിനുള്ളിലെ നേരിയ
സ്പന്ദനം പോലും ഞാൻ നിനക്കായ് കാത്തുവച്ചു.
നീ തന്നൊരാപൊൻമോതിരവും ചേർത്തു വച്ചിരുന്നു
ഞാൻ നിന്നെയും ഓർത്തിരിപ്പൂ

-



ദിവ്യശ്രീ.എസ് എസ്

10-എ

# അമ്മ

'അമ്മതൻ സ്നേഹം ദീപം പോൽ വരണം;
ദീപമോ വീടിന് വെളിച്ചം .
പ്രഥമാചാര്യയും അമ്മതൻ
തണലിൽ ഞാൻ വളർന്നീടുന്നു.
നോവും വിഷമവും ഉള്ളിലൊതുക്കി,
ജീവിതം ഞങ്ങൾക്കായി മാറ്റിടുന്നു .

# പ്രളയം



തരുണിസംഗമിത്ര.ബി.എൽ
9-എ

പകലിൻ വരാന്തയിൽ പടികയറിവന്നു,
മഴ തൻ ജലനിരപ്പായി!
തൻ ജനായിലൂടെ മഴകണ്ടാസ്വദി-
ച്ചവർ ഞെട്ടിവിറച്ചുപോയി പിന്നെ,നിലകൾതാണ്ടി ഉയർന്നുജലം
പിന്നെ ഫ്ളാറ്റിന്റെ ബാൽക്കണികൾ കടന്നു.
ഓണംവരവേറ്റ കേരളമാനുഷർ,
ഓട്ടം തുടങ്ങി ഭീതിയോടെ!
വള്ളങ്ങൾതുഴഞ്ഞു പിന്നെ പിന്നെ,
പെരുംവെള്ളത്തിൽ നീന്തി മെല്ലെ മെല്ലെ!
രക്ഷാപ്രവർത്തകർ തൻ കരങ്ങളാൽ,
കോരിയെടുത്തു കിടാങ്ങളെ.
ഹെലികോപ്റ്ററുകളിൽ പറന്നെത്തി,
അങ്ങനെ ആകാശസഞ്ചാരിയായി!
മരണഭീതിയോടൊന്നായി വിളിച്ചു-



രക്ഷിക്കുവാനൊന്നൊന്നായി,
അച്ഛനമ്മമാരും കുഞ്ഞുങ്ങളും പലർ
വെള്ളത്തിൽ മുങ്ങീപലരങ്ങനെ.
ദുരിദാശ്വാസക്യാമ്പുകൾ തുടർന്നു,
ജാതിയും മദവും പലരും മറന്നു!
ഫണ്ടുകൾ പ്രവർത്തനമാരംഭിച്ചു-
ദുരിദാശ്വാസഫണ്ടുകൾ പാനൊഴുകി,
നാടാകെ പ്രളയവേദന ഉയർന്നു,
വീടും ധനസമ്പാദ്യങ്ങളൊന്നായി-
നശിച്ചുപോയി പ്രളയത്തിൽ!



# കുഞ്ഞുറുമ്പ്

അഭയ.എസ്.എ
5.A

വരിവരിയായി വരവായ്
നിരനിരയായ് വരവായ്
കുഞ്ഞനുറുമ്പുകൾ വരവായ്
ഒത്തൊരുമിച്ച നടന്നീടും
മഞ്ഞുകൊണ്ടൊരു വീടുണ്ടാക്കും
തലയിൽ തീറ്റയും താങ്ങി നടക്കും
ഒത്തൊരുമിച്ച കഴിഞ്ഞീടും
രാവും പകലും പണിച്ചെയ്യും
നാളേക്കായതു കാത്തുവയ്ക്കും
വരിവരിയായ് നിരനിരയായ്
വരവായ് കുഞ്ഞനുറുമ്പുകൾ



ഗുണപാഠം:-ഒന്നിനെയും നാം ചെറുതായി
കാണരുത് ഉറുമ്പുകൾ ഭൂമിയിലെ
ചെറിയ ജീവികളാണ്.
പക്ഷേ നാം അവയുടെ ജീവിത ശൈലി
കണ്ടു പഠിക്കണം



ലക്ഷ്മികൃഷ്ണആർ.കെ
9-എ

# പ്രപഞ്ചസത്യം

ഭൂമിയെ കുളിരണീപ്പിക്കുന്ന മഴയേ
നിൻ പുഞ്ചിരി കണ്ടു ഞാൻ നിൽക്കേ
വിത്തു വിതറും പോൽ കോരിചൊരിയുന്ന
മായജാലിനി നീയല്ലോ
നിൻ നാദം ശ്രവിക്കുമ്പോൾ സർവ-
ചരാചരം ആഹ്ലാദത്തിൽ മുഴകിടുന്നു.
നിൻ പൊട്ടിചിരി കാണാൻ മർത്യനും
ധരിത്രിയും സ്വപ്നത്തിലാണ്ടിരിക്കുന്നലോ
ധരണിക്ക് കുളിരേകാൻ മേഘപുത്രി നീ
കനിയുക,അരുളുക, നിത്യവും നീ
പെയ്തൊഴിയും  നേരം ത്തുവാനാത്തുമ്പികൾ
ആനന്ദലാസ്യനൃത്തമാടിടുന്നു.
പുൽനാമ്പിൽ പതിച്ച നിൻ ആനന്ദ
മുത്തുകൾ  അരുണന്റെ  പുഞ്ചിരിയാൽ
വൈരം പോൽ തിളങ്ങുന്നു.



തരുണി സംഗമിത്ര.ബി.എൽ
9-എ

# <u>മഴ</u>



മാനത്തിന്റെ മണിമുത്ത്
മണ്ണിൽവീണ് മയങ്ങുന്നു,
ചിന്നിച്ചിതറും മണിമുത്ത്
ചിന്നംവിളിയോടെത്തുന്നു,
മോഹനതാളം ചാർത്തുന്നു
മാമഴനൃത്തം വയ്ക്കുന്നു,
പറവകൾ കൂടണയുന്നു അവർതൻ
പാട്ടിൻസ്വരം നിലയ്ക്കുന്നു,
തളിരിലതളിർത്തുതുടങ്ങുന്നു
തവളകൾ തുള്ളിരസിക്കുന്നു,
കാടുണരുന്നു നാടുണരുന്നു
കുട്ടികൾ ആഹ്ലാദത്തോടുല്ലസിക്കുന്നു,
ഏഴുനിറത്തിൽ മാരിവില്ല്
ഏഴാം നിലയിൽ തെളിയുന്നു!



അഭിന.എ.എസ്സ്
9-എ

## പ്രകൃതി വർണ്ണന



ഇരുട്ടിന്റെ മറ നീക്കി സൂര്യന്റെ ചുവന്ന പട്ടുടുത്ത് ആകാശം പ്രഭാതത്തെ വരവേറ്റ് വന്നെത്തി. മഴമുത്തുകളാൽ അണിഞ്ഞൊരുങ്ങി നിൽക്കുന്ന ചെമ്പരത്തി. ചുവന്ന ചെമ്പരത്തിയിലൂടെ ഊർന്നിറങ്ങുന്ന മഴത്തുള്ളികളുടെ സൂര്യകിരണങ്ങളേറ്റുള്ള ശോഭപച്ചില താളുകളിലൂടെ മഞ്ഞുതുള്ളിയും മഴത്തുള്ളിയും ഇടകലർന്നുള്ള ആ ശോഭയുംവിവരിക്കാൻ കഴിയാത്തതാണ് റോസയും , കുഞ്ഞ് ചെടികളും തണുത്ത ഇളംതെന്നലിന്റെ കൈപിടിച്ച് നൃത്തം ചെയ്യുന്നതും , കൂടാതെ ചെറ പക്ഷികളുടെ മധുരമായ ഗാനവും, തെങ്ങോലകൾക്കിടയിലൂടെ ഓടിക്കളിക്കുന്ന അണ്ണാനും കുഞ്ഞും. ഇതെല്ലാം ഈ പ്രകൃതിയെ ഒന്നടക്കം അലങ്കരിക്കുന്നു.

-24-



ശിവപ്രിയ.എ.ആർ
9-എ

# യാത്രാവിവരണം

ഞാനും എന്റെ കുടുംബവും ഒരു വേനലവധിക്കാലത്ത് കന്യാകുമാരിയിൽ യാത്ര പോയി.ഞങ്ങൾ ട്രെയിനിലാണ് പോയത്.ഞങ്ങൾ നാലുപേർ ഉണ്ടായിരുന്നു.ഞങ്ങൾ രാവിലെതന്നെ പുറപ്പെട്ടു.എനിക്ക് യാത്രപോകാൻ വളരെയധികം ഇഷ്ടമാണ്.ഞങ്ങൾ ട്രെയിനിലിരുന്ന് പ്രകൃതിയിലെ മനോഹരമായ ഒരുപാട് കാഴ്ചകൾ കണ്ടു.വാഴത്തോപ്പുകൾ, താമരക്കുളങ്ങൾ ,നെൽപ്പാടങ്ങൾ എന്നിവയൊക്കെ കണ്ടു. എല്ലാ കാഴ്ചകളും പിറകിലേക്ക് ഓടിമറയുന്നതായി തോന്നി. തമിഴ് നാട്ടിലാണ് ഈ സ്ഥലത്തിന്റെ കിടപ്പ്. കന്യാകുമാരിയിലാണ് പ്രശസ്തമായ വിവേകാനന്ദപ്പാറ സ്ഥിതി ചെയ്യുന്നത്. ഉച്ചയാവാറായപ്പോഴേക്കും ഞങ്ങൾ കന്യാകുമാരിയിൽ എത്തി. അവിടെ ഒരു അമ്പലമുണ്ടായിരുന്നു. ഞങ്ങൾ ആ ക്ഷേത്രത്തിലൊക്കെ പോയി. ഞാൻ എന്റെ കുടുംബത്തിന് നല്ലതുവരാൻ പ്രാർഥിച്ചു. പിന്നേ നമ്മൾ അവിടെ ഒരു ലോഡ്ജിൽ റൂം എടുത്തു. നമ്മൾ അവിടെയുള്ള കടകളലൊക്കെ കയറി കുറേ സാധനങ്ങളൊക്കെ വാങ്ങിച്ചു. ഞങ്ങൾ ക്ഷേത്രത്തിനടുത്തുള്ള കടപ്പുറത്ത് പോയി. വിവേകാനന്ദപ്പാറ കണ്ടു. ആ സ്ഥലം എനിക്ക് വളരെയധികം ഇഷ്ടപ്പെട്ടു. ഇത് എനിക്ക് ഒരിക്കലും മറക്കാനാവാത്ത ഒരു അനുഭവമായിരുന്നു.

# യാത്രാ വിവരണം



ഹിമ.ജി.എസ്

10 ബി

## ശ്രീ പത്മനാഭപുരം കൊട്ടാരം സന്ദർശനം



കൃത്യം രാവിലെ 5 30 നാണ് ഞങ്ങൾ സ്കൂളിൽ നിന്നും യാത്ര പുറപ്പെട്ടത്.ആദ്യം ഞങ്ങൾ പോയത് തൃപ്പരപ്പിലാണ് .അതിമനോഹരമായ വെള്ളച്ചാട്ടം ,അതാണ് തൃപ്പരപ്പിന്റെ മനോഹാരിത .1956 നവംബർ ഒന്നിന് തിരുവിതാംകൂർ ,കൊച്ചി,മലബാർ നാട്ടുരാജ്യങ്ങൾ കൂട്ടിച്ചേർത്തു കേരളം പിറന്നപ്പോൾ നമുക്ക് കൈവിട്ടു പോയ സ്ഥലം .മുൻപ് കേരളത്തിന്റെ ഭാഗമായിരുന്ന തൃപ്പരപ്പ് ഇപ്പോൾ തമിഴ്നാടിന്റെ ഭാഗമാണ് .ഇതാണ് തൃപ്പരപ്പിന്റെ ഭൂതകാലത്തിലെ പ്രധാന സംഭവം.ഇവിടെ വച്ചായിരുന്നു ഞങ്ങളുടെ പ്രഭാത ഭക്ഷണം.വെള്ളച്ചാട്ടത്തിന്റെ മനോഹാരിത ആസ്വദിക്കുന്നതിനൊപ്പം ഞങ്ങൾ അവിടെയുള്ള രണ്ടു പാർക്കുകളിലും കളിക്കുകയും ചെയ്തു.ഇവിടുന്നു ഞങ്ങൾ 'മാത്തൂർ തൊട്ടിപ്പാല'ത്തിലേക്കാണ് പോയത്.വളരെ പ്രകൃതിമനോഹരമായ ഒരു സ്ഥലമാണ് തൊട്ടിപ്പാലം .

ശേഷം 'പത്മനാഭപുരം കൊട്ടാരത്തിലെ'ക്കാണ് ഞങ്ങൾ പോയത്.വാതിലിനു മുന്നിൽ വിവിധ ഭാഷകളിൽ കൊട്ടാരത്തിന്റെ പേരെഴുതിയ ബോർഡ് കാണാം.കേരളത്തിലെ മരം കൊണ്ട് നിർമിച്ച ഏറ്റവും വലിയ കൊട്ടാരമാണ് പത്മനാഭപുരം കൊട്ടാരം.ധാരാളം കൊത്തു പണികളുള്ള ഏറ്റവും

മികച്ച കൊട്ടാരമാണ് ഇത്. പണ്ടത്തെ വേണാട്,തിരുവിതാംകൂർ എന്നിവയുടെ തലസ്ഥാന നഗരിയായിരുന്ന പത്മനാഭപുരം . കന്യാകുമാരിയിലെ വേളിക്കുന്നിന്റെ താഴ്വരകളിലാണ് ഈ കൊട്ടാരം സ്ഥിതി ചെയ്യുന്നത് .1592 ൽ ഇരവി വർമ്മ കുലശേഖര പെരുമാളാണ്ആദ്യം ഈ കൊട്ടാരം പണികഴിപ്പിച്ചത്. ശേഷം 1750 ൽ ശ്രീ അനിഴം തിരുനാൾ മാർത്താണ്ഡവർമ ഇത് പുതുക്കിപ്പണിതു. എഞ്ചിനിയറിങ്ങിന്റെയും കേരളത്തിന്റെ തനതു വാസ്തുവിദ്യയുടെയും ഒരു മികച്ച ഉദാഹരണമാണിത്. പുറത്തു എത്ര ചൂടാണെങ്കിലും കൊട്ടാരത്തിനുള്ളിൽ എപ്പോഴുംനല്ല തണുപ്പായിരിക്കും.കൊട്ടാരത്തിന്റെ നിർമ്മാണരീതി ഇതിനനുസരിച്ചാണ്.കൊട്ടാരത്തിന്റെ പൂമുഖം മുതൽ വിസ്മയകാഴ്ചകൾ ആരംഭം കുറിക്കുന്നു.




കൊട്ടാരത്തിന്റെ പൂമുഖത്തായി ഒരു കുതിരക്കലം വിളക്ക് തൂക്കിയിട്ടിട്ടുണ്ട്. ഏതു ദിശയിൽ തിരിച്ചുവച്ചാലും ആ ദിശയിൽ തന്നെ വിളക്ക് സ്ഥിതി ചെയ്യും.ഇതിനു നേരെ താഴെ  ഒരു കൽത്തൊട്ടിയുമുണ്ട്.അധികമായി വരുന്ന എണ്ണ ശേഖരിക്കാനാണിത് .പൂമുഖത്തെ മച്ചിൽ 90 പൂക്കളെ കൊത്തിവച്ചിരിക്കുന്നു.ഇതിൽ 90 പൂക്കൾക്കും വ്യത്യസ്തമായ ഡിസൈനുകളാണ് .പൂമുഖത്തു തന്നെ അനേകം ഓണവില്ലുകളും ചൈനീസ് ഭരണാധികാരികൾ നൽകിയ ഒരു കസേരയും വേനൽകാലത്ത് രാജാക്കന്മാർക്ക് കിടക്കാൻ നിർമിച്ച ഒരു കരിങ്കൽ കട്ടിലും നമുക്ക് കാണാം.ശേഷം നാം അമ്മക്കൊട്ടാരത്തിലേക്കാണ് കടന്നു ചെല്ലുന്നത്.ഇതിനെ തായ്കൊട്ടാരം എന്നും പറയുന്നു.ഇവിടെ 13 കെട്ടിടങ്ങളാണ് ഉള്ളത്. അതിൽ ഏറ്റവും പഴക്കം കൂടിയ കൊട്ടാരമാണ് തായ്കൊട്ടാരം. ഇതിന്റെ കന്നിമൂലയിൽ ഉള്ള തൂണിനുമാത്രമാണ് ഏറ്റവും ഭംഗി.ഇത് ആചാരവിധേയമായി പാലുള്ള വൃക്ഷമായ പ്ലാവ് കൊണ്ട് നിർമിച്ചതുമാണ.ഇവിടുത്തെതറച്ചുവനനിറത്തിലുള്ളതാണ.ചുണ്ണാമ്പ്

,കക്കമിശ്രിതം,നീലാംബരി,കടുക്ക,മുട്ടവെള്ള തുടങ്ങിയവയാണ് ഉപയോഗിച്ചിരിക്കുന്നത്.ഇത് മന്ത്രശാല എന്നും അറിയപ്പെടുന്നു.ഇവിടെ നിന്ന് ഇറങ്ങുമ്പോൾ ഒരു നാലുകെട്ട് കാണാം. കാറ്റിനും വെളിച്ചത്തിനും വേണ്ടിയാണ് രാജാക്കന്മാർ നാലുകെട്ട് ഉപയോഗിച്ചിരുന്നത്. ഇവിടെ നിന്ന് ഗോവണിപ്പടി കയറിയെത്തുന്നത് മന്ത്രിസഭയിലേക്കാണ്. അഷ്ടപ്രധാനശാലയെന്നും ഇത് അറിയപ്പെടുന്നത്. ഇവിടെ 11 കിളിവാതിലുകളുണ്ട്.തായ്കൊട്ടാരത്തിന്റെ മച്ചിൽ 63 പൂക്കൾ കൊത്തിവച്ചിട്ടുണ്ട്. ഇതിൽ നടുക്കുള്ള പൂവൊഴികെയുള്ള പൂക്കൾക്ക് രണ്ടിതളും നടുക്കുള്ള പൂവിന് 3 ഇതളുകളുമാണുള്ളത്.ഇത് ത്രിമൂർത്തി സങ്കൽപ്പത്തിൽ നിർമ്മിച്ചിട്ടുള്ളതാണ്. തുടർന്ന് നാം മഹാരാജാവിന്റെ പള്ളിയറയിലേക്ക് പോകും വഴി തൊട്ടടുത്ത് അമ്മമഹാറാണിയുടെ പള്ളിയറയാണ്. ഇവിടുത്തെ കട്ടിലിൽ ആനക്കൊമ്പുകൊണ്ട് നിർമ്മിച്ച പൂക്കളുണ്ട്. മഹാരാജാവിന്റെ പള്ളിയറയിലെ കട്ടിൽ 64 ഔഷധത്തടി കൊണ്ട് നിർമ്മിച്ചതാണ്. ഇതിൽ കിടന്നാൽ വാതസംബന്ധമായ അസുഖങ്ങൾ ഉണ്ടാവില്ലെന്നാണ് വിശ്വാസം. ഇവിടുത്തെ മച്ചിൽ മയിലും ഡ്രാഗണും മറ്റുമുള്ളതിന്റെ ചിത്രപ്പണികളാണുള്ളത്. ഈ പള്ളിയറകൾ ഇവിടുത്തെ ഏറ്റവും ഉയരം കൂടിയ കെട്ടിടമായ ഉത്തരികമാളികയിലാണ് സ്ഥിതി ചെയ്യുന്നത്.ഇവിടുത്തെ മച്ചിൽ ശത്രുക്കളുടെ ആക്രമണത്തിൽ ഒരു വാൾ തറച്ചതിന്റെ പാടുണ്ട്. ഈ ഉത്തരികമാളിക 4 നിലകളായി തിരിച്ചിരിക്കുന്നു. ഏറ്റവും മുകളിൽ ഖജനാവ് അതിനുതാഴെ പള്ളിയറകൾ അതിനുതാഴെ ധാന്യപ്പുര ഏറ്റവും താഴെ പൂജാഹാൾ . ശേഷം നാം കടന്നു ചെല്ലുന്നത് ഒരു വലിയ ഹാളിലേക്കാണ്.ഇവിടെ രാജ രവിവർമയുടെയും മറ്റും അനേകം ചിത്രങ്ങളുടെ പ്രദർശനമാണുള്ളത് ഇവിടത്തെയൊക്കെ തറ കറുത്ത നിറമാണുള്ളത്.ചെമ്പരത്തി ,ആറ്റുമണൽ,മൈലാഞ്ചി,കരുകപൊടി.ഇഷ്ടികപ്പൊടി,കുന്നില്ല,മുട്ടവെള്ള,ചിരട്ടക്കരി




തുടങ്ങിയ മിശ്രിതമാണ് ഇതിനുപയോഗിക്കുന്നത്. ശേഷം തെരുട്ട മാളികയിലേക്കാണ് ഞങ്ങൾ പോയത്.ഇവിടെയാണ് അമ്പരിമുഖപ്പ് ഉള്ളത്.ഇവിടെ വച്ചാണ് ജനങ്ങൾ രാജാവിനെ പരാതി ഉണർത്തിച്ചിരുന്നത്. ഇവിടെ നിന്ന് പുത്തൻകൊട്ടാരത്തിലേക്കാണ് നാം പോകുന്നത്. ഏറ്റവും പഴക്കം കുറഞ്ഞ ആധുനിക രീതിയിലുള്ള കെട്ടിടമാണിത്. ഇവിടെയാണ് നവരാത്രി മണ്ഡപം സ്ഥിതിചെയ്യുന്നത്.മണ്ഡപത്തിനു നേരെ ഒരു സരസ്വതി ക്ഷേത്രവുമുണ്ട്.നവരാത്രി മണ്ഡപത്തിന് 66 അടി നീളവും 27 അടി വീതിയുമാണുള്ളത്. ഇത് എ ഡി -1244 ൽ മാർത്താണ്ഡവർമ സ്ഥാപിച്ചതാണ്. ഇവിടുത്തെ തറയെ കണ്ണാടിത്തറയെന്നാണ് പറയുന്നത്. ഇവിടെ അനേകം കലവറകളും ആയുധങ്ങളും മറ്റും സംരക്ഷിച്ചിരിക്കുന്ന ചരിത്ര മ്യൂസിയവുമുണ്ട്. ശേഷം വട്ടക്കോട്ടയിലേക്കായിരുന്നു ഞങ്ങൾ പോയത്. അതിവിശാലമായ ഒരു കുളമുണ്ടിവിടെ. മുകളിൽ നല്ല കാറ്റാണ്. പൊള്ളുന്ന വെയിലിൽ തണലേകാൻ ഒരു ഒറ്റപ്പെട്ട വൃക്ഷം. ഇതാണ് ഇവിടുത്തെ മനോഹര കാഴ്ചകളിലൊന്ന്. മൂന്നു വശവും കടലാണിവിടെ. സമുദ്ര നീലിമ വട്ടക്കോട്ടയെ കൂടുതൽ മനോഹാരിയാക്കുന്നു. പണ്ട് ബ്രിട്ടീഷുകാർ ആയുധങ്ങൾ സൂക്ഷിച്ചിരുന്ന സ്ഥലമാണ് വട്ടക്കോട്ട.

ശേഷം ഞങ്ങൾ കന്യാകുമാരിയിലേക്കാണ് പോയത്.പോകും വഴിയാണ് ഞങ്ങളുടെ ഉച്ചഭക്ഷണം. കന്യാകുമാരി വളരെ വലിയ വിപണനശാലയായിരുന്നു . ഏകദേശം 4 മണി തൊട്ട് ആറര വരെ ഞങ്ങൾ ഷോപ്പിംഗിനായും മറ്റും മാറ്റി വച്ചു. അധ്യാപകർക്കൊപ്പം ഞങ്ങൾ കടലിൽ കളിച്ചു സൂര്യാസ്തമനം കണ്ടു. ശേഷം മടക്കം. മടക്കത്തിൽ ഒരു ഹോട്ടലിൽ നിന്ന് അത്താഴവും കഴിച്ചു. കൃത്യം 12 .00 മണിക്ക് ഞങ്ങൾ സ്കൂളിൽ എത്തി.



ഉത്തര.ബി.എസ്
9-എ

# ഓർമ്മക്കുറിപ്പ്

ഞാൻ മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് മുതിർന്ന വ്യക്തികളോടുള്ള ബഹുമാനം എന്താണെന്ന് ആദ്യമായി അറിയുന്നത്.

ഒരിക്കൽ ട്യൂഷൻ ക്ലാസ്സിൽവെച്ച് ഞാൻ ഒരു ചേട്ടന്റെ കാലിൽ അറിയാതെ ചവിട്ടി. എനിക്കറിയില്ലായിരുന്നു ഒരാളുടെ കാലിൽ ചവിട്ടിയാൽ അയാളുടെ കാൽതൊട്ടുതൊഴണമെന്ന്. എന്നാൽ അന്ന് ഒരു ശകാരരൂപത്തിലൂടെ എന്റെ ട്യൂഷൻ ടീച്ചർ എനിക്ക് പറഞ്ഞു തന്നു,മുതിർന്നവരെ ബഹുമാനിക്കേണ്ടത് എങ്ങനെയാണെന്ന്. അതിനു ശേഷം ഞാൻ മുതിർന്നവരുടെ കാലിൽ ചവിട്ടിയാൽ തൊട്ടുതൊഴാറുണ്ട്. ആ അനുഭവം എന്റെ ജീവിതത്തിൽ വലിയൊരു പാഠമായിരുന്നു.

-30-



# പഴഞ്ചൊല്ലുകൾ

ശരണ്യ.ആർ.എം.
9-എ

- അഴക് കുത്തിയാൽ ചുളയില്ല
- അടിതെറ്റിയാൽ ആനയും വീഴും
- അന്നദനം മഹാപുണ്യം
- അണ്ണാറക്കണ്ണനും തന്നാലായി
- ആനയ്ക്ക് എതിരില്ല ആശയ്ക്ക് അതിരില്ല
- ആനക്കാര്യത്തിനിടയിലാണോ ചേനക്കാര്യം ?
- ഇക്കരെ നിക്കുമ്പോൾ അക്കരെ പച്ച
- ഇരുചെവിയറിയാതെ ഉപകാരം ചെയ്യരുത്
- ഉപ്പ് തിന്നവൻ വെള്ളം കുടിക്കും
- എല്ലു മുറിയെ പണിതാൽ പല്ലു മുറിയെ തിന്നാം
- ഐക്യമത്യം മഹാബലം
- ഒത്തുപിടിച്ചാൽ മലയും പോരും
- ഒരുമയാണ് പെരുമ
- കാക്കയ്ക്കും തൻകുഞ്ഞു പൊൻകുഞ്ഞ്
- കണ്ണില്ലാത്തവനെ കണ്ണിന്റെ വിലയറിയൂ
- ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട
- പുകഞ്ഞക്കൊള്ളി പുറത്ത്
- പയ്യെത്തിന്നാൽ പനയും തിന്നാം
- മടിയൻ മല ചുമക്കും
- മുറ്റത്തെ മുല്ലയ്ക്ക് മണമില്ല



ഗംഗ. എസ്. എസ്
9- എ

# പഴഞ്ചൊല്ലുകൾ

- മടിയൻ മല ചുമക്കും
- ഒത്തുപിടിച്ചാൽ മലയും പോരും
- വിത്തുഗുണം പത്തുഗുണം
- അണ്ണാറക്കണ്ണനും തന്നാലായത്
- ചങ്ങാതി നന്നായാൽ കണ്ണാടിവേണ്ട
- മത്തൻ കുത്തിയാൽ കുമ്പളം മുളയ്ക്കില്ല
- പയ്യെത്തിന്നാൽ പനയും തിന്നാം
- ഒരുമയാണ് പെരുമ
- സമ്പത്തുകാലത്തു തൈ പത്തുവച്ചാൽ ആപത്തുകാലത്തു കാലത്തു കാപ്പത്തു തിന്നാം
- ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം



അക്ഷര.എസ്.എൽ
9-എ

# പഴഞ്ചൊല്ലുകൾ

- അന്നവിചാരം മുന്നവിചാരം; പിന്നവിചാരം കാര്യവിചാരം
- ആടു കിടന്നിടത്തു പൂട കാണും
- അഴകുള്ള ചക്കയിൽ ചുളയില്ല
- ആകെ കുളിച്ചാൽകുളിരില്ല
- ഇരയിട്ടാലേ മീൻ കീട്ടു
- ഒരു വെടിക്ക് രണ്ട് പക്ഷി
- ഒഴുക്കു വെള്ളത്തിൽ അഴുക്കില്ല
- താണനിലത്തേ നീരോട്ടൂ
- അത്താഴം മുടക്കാൻ നിർക്കോലി മതി
- മുറ്റത്തെ മുല്ലയ്ക്കു മണമില്ല



ശരണ്യ. എം. എ
9A

# ക്വിസ്

➔ പ്രകൃതിയിൽ നിന്ന് കിട്ടുന്ന എറ്റവും കാഠിന്യമുള്ള പദാർഥം?
വജ്രം

➔ ഫോട്ടോഗ്രാഫിക് ക്യാമറയിൽ ഉപയോഗിച്ചിരിക്കുന്ന ലെൻസ്?
കോൺവെക്സ്

➔ ശബ്ദത്തെക്കാൾ വേഗതയുള്ള വിമാനങ്ങൾക്ക് പൊതുവായുള്ള പേര്?
സൂപ്പർ സോണിക് വിമാനം

➔ കൂടുതൽ പ്രഭ ചൊരിയാൻ വൈദ്യുത ബൾബുകളിൽനിറയ്ക്കുന്ന വാതകംബൾബുകൾക്ക്?
നിയോൺ

➔ ആവൃത്തിയുടെ യൂണിറ്റ്?
ഹെർട്സ്

➔ കത്താൻ സഹായിക്കുന്ന വായുവിലെ ഘടകം?
ഓക്സിജൻ

# ക്വിസ്



നിവ്യ.എ. ജെ
9 എ

- സിനിമയിൽ സംപ്പർമാനായി അഭിനയിച്ച വ്യക്തി ഗുരുതരമായ പരിക്കിൽ വാരിയെല്ല് ഒടിഞ്ഞ് ഇപ്പോൾ വീൽചെയറിലാണ്. ആരാണ് ഇദ്ദേഹം?

  ക്രിസ്റ്റഫർറീവ്

- ഇന്ത്യയിലെ ആദ്യത്തെ ശബ്ദസിനിമയാണ് ലോകത്തിന്റെ വെളിച്ചം എന്നർത്ഥം വരുന്നത്. സുബൈദ, പൃഥ്വിരാജ്കപൂർ, w. m. ഖാൻ എന്നിവരഭിനയിച്ച ഈ സിനിമ പുറത്തിറങ്ങിയത് ഏതു വർഷമാണ് ?

  1931 മാർച്ച് 4

- ഇന്ത്യാവിഭജനത്തിനു ശേഷം ഹോക്കിയിൽ ഇന്ത്യയും,പാക്കിസ്ഥാനും ആദ്യമായി ഏറ്റുമുട്ടിയത് എവിടെവച്ചാണ് ?



  1956 മെൽബോൺ

- ഒളിമ്പിക്സ് ഫൈനലിൻ ഇന്ത്യ ജയിച്ച [1-0]

- കടൽ ചെടികളും ഉടലെടുത്തകാലഘട്ടം?

  കാംപ്രിയൻയുഗം

- റോമൻ അക്കം CD അറബിക്ക് അക്കത്തിലാക്കുക ?

  400

- വിസ്തിണത്തിന്റെ കാര്യത്തിൽ ഇന്ത്യയ്ക്ക് എത്രാം സ്ഥാനം?

  7-ാം സ്ഥാനം

- അലസ്ക , ഹവായ് ദ്വീപുകൾ ഏതു രാജ്യത്തിന്റെ ഭാഗം?

  യു . എസ . എ



Megha.C
9-A

# MY MOTHER

My dear mother dear mother
You are like a twinkling star
Your eyes give the heartful
happiness , your love and care
give the strength to my heart.

You hide your saddness
and give the love to
little ones, you are
the God , you are the
first love ,You are the
most precious gift of God.

Your beauty is more than moon
Your love is more than flowers
You are everything more
than everything in the world
Love your mother



**Adithya Lekshmi.M.S**
**9A**

## FIRST HERO

**When I was a child**
**My dad take's me to the slide**
**He play's with me like a kid.**
**As usual as he did**
**He takes me to a ride**
**To show how the world is wide**
**He teach's me how to respect**
**And make's me more perfect.**
**He feed's me**
**To make me healthy.**
**When I was crying**
**My dad was dying**
**He make's sure that I'm happy**
**And hide his feeling.**
**He is my first love....**
**He is my hero**
**Always my hero....**



Devika B.S
5 A

# THE LITTLE CHILDREN

One day a old man buy a little mango tree from a shop.When he start to walk forget to take the bag.Three little children came from near schoolsaw the bag they try to know who is owner of the the bag.The owner of the tree shopper said that
the bag is of the old man who that walk through the garden. The little children run and call the oldfarmer and give the bag . The old man happyand thank to the little ones. The old man give sweet chocolate to the little ones from thebag. The little ones was very happy.



# *CHILD LABOUR*

*GOPIKA.G.B*
*10-A*

*Twelve – year-old Alejandra is woken up at four in the morning by her father, Don Jose.She does not go to school,but goes to collect curiles, small molluscs in the mangrove swamps on the island of Espiritu Santo in Usulutan,El Salvador.*

*In the rush to get a work,Alejandra does not take time to eat breakfast .It is more important to make sure she has the things she needs to make it through a workday that can mean spending up to 14 hrs in the mud.These items included about a dozen cigars and at least four pills to keep her from falling asleep. A good part of the money that she earns goes to buy these things.*

*In the mangrove swamp without shoes,Alejandra has to face bad weather,mosquito bites and cuts and scrapes from having to pull the curiles out from deep in the mud.The cigars help to repel the mosquitoes,but when she runs out of cigars Alejandra has to put up with the insects as she moves from branch to branch and from one area to another in search of shells. When she returns from work,her body is nearly always covered with bites.*

*She earns very little.If she is lucky in one day Alejandra manages to collect to baskets of curiles [150 shells],worth little more than Rs.40 . Alejandra,who has seven younger brothers and sisters,has no time to go to school or play with other children because they say she smells bad and exclude her from their games for being a curlies worker.*

*Little by little Alejandra has lost her self – esteem.Like the other children who work collecting curiles ,she feels separate from the rest of society.For Alejandra,life seems like a tunnel with no exit.*



# *TONGUE TWIST*

*Greshma.R.Gireesh*

*9 A*

- *Send toast to ten tense.*
- *Tommy ,tommy ,toiling in a tailors shop.*
- *A noisy noise annoys an oyster.*
- *He laughs best who loves last.*
- *Red loory, yellow lorry.*
- *He has a hat in his hand.*
- *I feel I need a deep sleep.*
- *Cooks cook cupcakes quickly.*
- *A little girl with a pretty curl.*
- *Six silly sheep still asleep.*
- *The big fat cat sat on the rat.*
- *Flies fly but a fly flies.*
- *Rural ruler.*
- *Three free throws.*
- *She sees cheese.*

- *Cheap ship trip.*
- *Mud bug,mud bug, mud bug.*
- *Singing sally sang songs on sinking sand.*
- *Double bubble gum bubble double.*
- *Billy blows big blue bubbles.*



Akshara S.L
9-A

# BOOKS AND AUTHORS

| BOOKS | AUTHORS |
|---|---|
| Gitanjali | Rabindranath Tagore |
| Good Earth | Pearls S. Buck |
| Godan | Prem Chand |
| Mother | Maxim Gorky |
| Treasure Island | R.L. Stevenson |
| Les Miserables | Victor Hugo |
| Adhyatma Ramayanam Kilippattu | Ezhuthachan |
| Khasakkinte Ithihasam | O.V. Vijayan |
| Chemmeen | Thakazhi Sivasankara Pillai |
| Aghisakshi | Lalithambika Antharjanam |
| The God of Small Things | Arundhathi Roy |
| Asuravithu | M.T.Vasudevan Nair |
| Animal Farm | George Orwell |
| The Guide | R.K.Narayan |
| The Fall of a Sparrow | Dr.Salim Ali |



## ***Studytour***

Devapriya.A.S
8 A

We went to our destination by bus on 27 November . We started our journey at 9;30am. Then we landed on our first destination , Nature friendly museum. I think it was really a nature at all .Because each and every things there , feels real . First we have a class there. They took the classas two sections. First class was about" the roll of social forestry in cities". It was so interesting. Second class was about our nature, biodiversity . It was more and more interesting . We willthink more and more about our nature , if we hears that class. Prasad sir took that class for us.Then we had a small break. Then we started our journey. We walked for 2 minutes of reach the musuem. It was really fantastic, about extincted animals , about biodiversity . Pictures of eachwhere so helpful to identify them. We saw the organisms we had never seen and heard before.Lots of birds and their sounds are exhibited there with the electro technologies. A cave, thatwe feel , really it was orginal . And we entered it. Structures of bats small kinds of organism etc.can be seen there. We came out of the nature museum througth the exit door. We walked back through the way we came . At that

time, we had a lunch . And after lunch , as an entertainment, we took photos. Then we entered our bus . Next to zoological garden at palayam in Thiruvananthapuram . The forestry group also came with us of the zoo. We entered the zoo. Lots of animals and birds. We feels so cool, when we hears the sounds of birds sand animals. Monkey , bear,lion , tiger, reptiles, peacocks and many more. We enjoyed all. Then we returned. Likes to go once more to these places with my friends and teachers like this.



AKSHARA.S.L
9-A

## QUIZ CORNER

### QUESTIONS

1) Which is the largest planet in the solar system?
2) The largest national park in Kerala?
3) The largest river in India is?
4) Which is the longest River?
5) King of chemicals?
6) King of metal is?
7) Which is the hottest place in the earth?
8) Which is the fastest animal on the land?
9) The language of Bhagavath gita?
10) The oldest of vedas?
11) Pink city in India is?
12) Gir national park is situated in?
13) The gate way of India is?
14) Who was the first president of free India?
15) Who was the architect of Indian constitution?

### ANSWERS

1) Jupiter
2) Eravikulam
3) Ganga
4) Nile
5) Sulphuric acid
6) Gold
7) Ethiopia
8) Cheetah
9) Sanskrit
10) Rig veda
11) Jaipur
12) Gujarat
13) Mumbai
14) Dr. Rajendra prasad
15) Dr. B.R . Ambedkar



Ashmi.S.L
6-A

# UNKNOWN KNOWLEDGE IN COMPUTER

## Question

1) The process of starting up a computer?
2) Which computer language used to process data?
3) Computer video game was invented by?
4) The bar seen at the top of the window is called?
5) First Internet service provider?
6) Name of malayalam web browser by C-DIT?
7) Where is Ram located?
8) An example of Telecommunication device is ?
9) First internet magazine in malayalam ?
10) IC chip in malayalam ?

## Answers

1) Booting
2) Binary
3) Steve Russel
4) Title bar
5) VSNL
6) Web Dharsini
7) Motherboard
8) Modern
9) Puzha.com
10) Third Generation

# सुरेली हिंदी





अफ़ीफ़ा

९-ए

## स्कूल की यादें

याद आती हैं ,हर पल मुझको
स्कूल की और मेरे दोस्तों की
कितनी सुन्दर यादें  है वो ,
कितनी सुन्दर बातें  है वो ,
स्कूल के अंदर आते हैं तो,
सबके मन में लेते हैं



टीचर बोली कविता लिखो
लिखना तो मुचे नहीं आती
फिर भी लिख रही हूँ मन की बातें
अच्छा या बुरा वे कल की बातें
फिर भी लौट नहीं आती
मां ने कहा इन सुन्दर दिनों

हर पल मन में एक ही बात
सिर्फ बचा है एक ही साल
सोच रहे तो दिन के दर्द
बढ़ रहा है समय के साद
लिख रही हूँ इस पल भी कल भी
मीठी -सुन्दर यादें होगी
याद आती है हर पल मुझको
स्कूल की और मेरे दोस्तों की

## उड़ गया हाथी

चींटी  के आगे
हाथी खड़ा था
हाथी के पाँव पे
चींटी चढ़ा था

चींटी ने डांटा
नीचे आ जा!
चींटा बोला-
बाय-बाय टाटा !



चींटी को आया
ज़ोर का गुस्सा
घूर के उसने
चींटे को देखा

और पलटकर
मारी जो लात
उड़ गया हाथी
चींटे के साथ !

# सुरेली हिंदी

